## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **23-02-2026 - ൽ മറുപടിയ്ക്ക്**

## എല്ലാവർക്കും വൈദ്യുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകന്ദൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2016-ലെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗും വ്യവസായ മേഖലയിൽ പവർകട്ടും നിലവിലുണ്ടായിരുന്നോയെന്ന് വിശദമാക്കാമോ; | (എ) | പവർ കട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിലാക്കാനായി വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കാനുതകുന്ന 400. കെ. വി. അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ പൂർത്തിയാക്കുന്നതിന് പ്രഥമ പരിഗണന നൽകി. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ഇടമൺ-കൊച്ചി 400 കെ. വി. ലൈൻ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് നിർണ്ണായക നാഴിക കല്ലായി. തുടർന്ന് പുഗലൂർ-മാടക്കത്തറ HVDC ലൈൻ കൂടി പൂർത്തിയാത്തിയതോടെ കേരളത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 2550 മെഗാവാട്ടിന്റെ വൻകുതിപ്പാണുണ്ടായത്. ഇതോടെ ലോഡ് ഷെഡ്ഡിംഗും പവർ കട്ടും പൂർണ്ണമായും ഒഴിവാക്കാൻ കേരളം സജ്ജമായി.<br><br>ഇതിനുപുറമേ, ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിലും ക്രിയാത്മകമായ ഇടപെടലുകളുണ്ടായി. കഴിഞ്ഞ പത്ത് വർഷം കൊണ്ട് 2331 മെഗാവാട്ടിന്റെ ഉത്പാദന ശേഷി വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.<br><br>മാത്രമല്ല, പവർ ഗ്രിഡിന്റെ കോഴിക്കോട് സബ്സ്റ്റേഷനും കെ.എസ്.ഇ.ബി.-യുടെ കോട്ടയം സബ്സ്റ്റേഷനും പ്രവർത്തനം ആരംഭിച്ച ശേഷം വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി 2025-ൽ 4455 മെഗാവാട്ട് ആയി വർധിച്ചു. അത് കൂടാതെ 2019-20 കാലയളവിൽ പവർ എക്സ്ചേഞ്ചുകളിൽ റിയൽ ടൈം മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചതോടെ വൈദ്യുതി ആവശ്യകതയുടെ വ്യതിയാനം അനുസരിച്ച് കൂടുതൽ പവർ പർചേയ്സ് ചെയ്യാൻ സാധിച്ചു. ഇതിനു മുൻപ് ഡേ അഹെഡ് മാർക്കറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ |

| | | | |
|---|---|---|---|
| | | | ദിവസത്തിലുണ്ടാകുന്ന വൈദ്യുതി ആവശ്യകതയിലെ വ്യതിയാനം നേരിടാൻ ലോഡ് ഷെഡിങ് ആവശ്യമായിരുന്നു. ഇത് കൂടാതെ സംസ്ഥാനത്തിനകത്തുള്ള ട്രാൻസ്മിഷൻ സിസ്റ്റം ശക്തിപ്പെടുത്തിയത് വഴി സിസ്റ്റം കൺസ്ട്രയിന്റ് കാരണമുണ്ടായിട്ടുള്ള ലോഡ് ഷെഡ്ഡിങ്-കളും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റുവാനുള്ള സ്ഥാപിതശേഷി കേരളത്തിൽ നിലവിലില്ലാത്തതിനാൽ കൂടുതലായി വരുന്ന ഡിമാൻഡ് നിറവേറ്റാൻ പുറത്ത് നിന്നു വൈദ്യുതി വാങ്ങേണ്ടതുണ്ട്. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി തടസമില്ലാതെ ലഭിക്കുന്നതിനായി, സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള അലോക്കേഷൻ കൂടാതെ ആവശ്യമായ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഓരോ മാസങ്ങളിലെയും കാലാവസ്ഥ വ്യതിയാനങ്ങൾ പരിഗണിച്ചുകൊണ്ട്, ഹ്രസ്വകാല കരാറുകളിലൂടെയും ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രതിദിനം ഉണ്ടാകുന്ന വൈദ്യുതി ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങിയാണ് പൂർത്തിയാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കാലവർഷം സജീവമായ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട വൈദ്യുതി ആവശ്യകതയിലെ കുറവും, ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള അധിക ഉല്പാദനവും മൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടായ വർദ്ധനവ് കാരണം മറ്റു സംസ്ഥാനങ്ങളുമായി സ്വാപ്പിങ്ങ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത് സംസ്ഥാനത്തിന് തിരിച്ച് ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. സോളാർ പവർ ജനറേഷൻ വർധിച്ചതു പകൽ സമയത്തെ ഡിമാൻഡ് ഒരു പരിധി വരെ നിറവേറ്റാൻ സഹായിക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും ഭരണകാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഇല്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിച്ചുകൊണ്ടുള്ള ഒരു നവകേരളം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പവർ കട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കാനായി വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കാനുതകുന്ന 400. കെ. വി. അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ പൂർത്തിയാക്കുന്നതിന് പ്രഥമ പരിഗണന നൽകി. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ഇടമൺ-കൊച്ചി 400 കെ. വി. ലൈൻ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞത് നിർണ്ണായക നാഴിക കല്ലായി. തുടർന്ന് പുഗലൂർ-മാടക്കത്തറ HVDC ലൈൻ കൂടി പൂർത്തിയാത്തിയതോടെ കേരളത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ 2550 മെഗാവാട്ടിന്റെ വൻകുതിപ്പാണുണ്ടായത്. ഇതോടെ ലോഡ് |

ഷെഡ്ഡിംഗും പവർ കട്ടും പൂർണ്ണമായും ഒഴിവാക്കാൻ കേരളം സജ്ജമായി.

ഇതിനുപുറമേ, ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിലും ക്രിയാത്മകമായ ഇടപെടലുകളുണ്ടായി. കഴിഞ്ഞ പത്ത് വർഷം കൊണ്ട് 2331 മെഗാവാട്ടിന്റെ ഉത്പാദന ശേഷി വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.

മാത്രമല്ല, പവർ ഗ്രിഡിന്റെ കോഴിക്കോട് സബ്സ്റ്റേഷനും കെ.എസ്.ഇ.ബി.-യുടെ കോട്ടയം സബ്സ്റ്റേഷനും പ്രവർത്തനം ആരംഭിച്ച ശേഷം വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി 2025-ൽ 4455 മെഗാവാട്ട് ആയി വർധിച്ചു. അത് കൂടാതെ 2019-20 കാലയളവിൽ പവർ എക്സ്ചേഞ്ചുകളിൽ റിയൽ ടൈം മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചതോടെ വൈദ്യുതി ആവശ്യകതയുടെ വ്യതിയാനം അനുസരിച്ച് കൂടുതൽ പവർ പർചേയ്സ് ചെയ്യാൻ സാധിച്ചു. ഇതിനു മുൻപ് ഡേ അഹെഡ് മാർക്കറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ ദിവസത്തിലുണ്ടാകുന്ന വൈദ്യുതി ആവശ്യകതയിലെ വ്യതിയാനം നേരിടാൻ ലോഡ് ഷെഡിങ് ആവശ്യമായിരുന്നു. ഇത് കൂടാതെ സംസ്ഥാനത്തിനകത്തുള്ള ട്രാൻസ്മിഷൻ സിസ്റ്റം ശക്തിപ്പെടുത്തിയത് വഴി സിസ്റ്റം കൺസ്ട്രയിന്റ് കാരണമുണ്ടായിട്ടുള്ള ലോഡ് ഷെഡ്ഡിങ്-കളും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റുവാനുള്ള സ്ഥാപിതശേഷി കേരളത്തിൽ നിലവിലില്ലാത്തതിനാൽ കൂടുതലായി വരുന്ന ഡിമാൻഡ് നിറവേറ്റാൻ പുറത്ത് നിന്നു വൈദ്യുതി വാങ്ങേണ്ടതുണ്ട്. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി തടസമില്ലാതെ ലഭിക്കുന്നതിനായി, സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള അലോക്കേഷൻ കൂടാതെ ആവശ്യമായ ദീർഘകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഓരോ മാസങ്ങളിലെയും കാലാവസ്ഥ വ്യതിയാനങ്ങൾ പരിഗണിച്ചുകൊണ്ട്, ഹ്രസ്വകാല കരാറുകളിലൂടെയും ആവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രതിദിനം ഉണ്ടാകുന്ന വൈദ്യുതി ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങിയാണ് പൂർത്തിയാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കാലവർഷം സജീവമായ കാലയളവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട വൈദ്യുതി ആവശ്യകതയിലെ കുറവും, ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള അധിക ഉല്പാദനവും മൂലം

| | | | |
|---|---|---|---|
| | | | വൈദ്യുതി ലഭ്യതയിൽ ഉണ്ടായ വർദ്ധനവ് കാരണം മറ്റ് സംസ്ഥാനങ്ങളുമായി സ്വാപ്പിങ്ങ് കരാറുകളിൽ ഏർപ്പെട്ട് വേനൽക്കാലത്ത് സംസ്ഥാനത്തിന് തിരിച്ച് ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. സോളാർ പവർ ജനറേഷൻ വർധിച്ചതു പകൽ സമയത്തെ ഡിമാൻഡ് ഒരു പരിധി വരെ നിറവേറ്റാൻ സഹായിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർധിപ്പിക്കുവാനും പ്രസരണ മേഖലയിൽ മുടങ്ങികിടന്ന പദ്ധതികൾ പൂർത്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആഭ്യന്തര വൈദ്യുതി ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ മേഖലയിൽ 2016 മുതൽ 31.01.2026 വരെ 2149.305 MW വൈദ്യുതി ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, വിൻഡ് പൊട്ടൻഷ്യൽ പരമാവധി പ്രയോജനപെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമ്യേനെ കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ഉപയോഗ ശൂന്യമായ ഭൂമി/ആദിവാസി ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ നടപടികൾ തുടങ്ങി കഴിഞ്ഞു.<br><br>അതുപോലെ തന്നെ, സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുത ലഭ്യത വർദ്ധിപ്പിക്കുവാനും പീക്ക് സമയങ്ങളിലെ വർധിച്ചു വരുന്ന വൈദ്യുതിയുടെ ഉപയോഗം നിറവേറ്റുന്നതിനായി പകൽ സമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ ബാറ്ററി എനർജി സ്റ്റോറേജ്ജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും 1000 മെഗാവാട്ട് സ്റ്റോറേജ് സ്ഥാപിക്കുന്നതിൽ തുടക്കമെന്ന നിലയിൽ 500 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>1) മൈലാട്ടി 220 കെ. വി.. സബ്സ്റ്റേഷനിൽ 125 മെഗാവാട്ട് / 500 മെഗാവാട്ടവർ. |

2) കാസറഗോഡ് ജില്ലയിലെ മുള്ളേരിയ സബ്സ്റ്റേഷനിൽ 15 മെഗാവാട്ട് / 60 മെഗാവാട്ടവർ

3) കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സബ്സ്റ്റേഷനിൽ 40 മെഗാവാട്ട് / 160 മെഗാവാട്ടവർ

4) മലപ്പുറം ജില്ലയിലെ അരീക്കോട്. സബ്സ്റ്റേഷനിൽ 30 മെഗാവാട്ട് / 120 മെഗാവാട്ടവർ

5) തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സബ്സ്റ്റേഷനിൽ 40 മെഗാവാട്ട് / 160 മെഗാവാട്ടവർ

എന്നിവയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതികൾ.

ഇതു കൂടാതെ എറണാകുളം ജില്ലയിലെ ബ്രഹ്മപുരം 220 കെ. വി. സബ്സ്റ്റേഷൻ പരിസരത്തു 250 മെഗാവാട്ട്/500 മെഗാവാട്ടവർ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ലെറ്റർ ഓഫ് അവാർഡ് നൽകിയിട്ടുണ്ട്.

ഈ പദ്ധതികളിലൂടെ പ്രതിദിനം 1500 മെഗാവാട്ടവർ വൈദ്യുതി സംഭരിക്കുവാനും സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുത ലഭ്യത വർദ്ധിപ്പിക്കുവാനും പീക്ക് സമയങ്ങളിലെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും ഉപകരിക്കും.

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2016 മുതൽ ജല വൈദ്യുത പദ്ധതികൾ മുഖേന ആഭ്യന്തര ഉൽപ്പാദനത്തിൽ 179.65 മെഗാവാട്ടിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്. കൂടാതെ 127.50 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിയുള്ള എട്ട് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 88 MW മൊത്തം സ്ഥാപിത ശേഷിയുള്ള പന്ത്രണ്ട് ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്. 1179.10 MW മൊത്തം സ്ഥാപിത ശേഷിയുള്ള ഏഴു ജല വൈദ്യുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഏകദേശം 5000 MW സ്ഥാപിത ശേഷി വരുന്ന ഏഴു പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും പ്രാരംഭ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികളും നടന്നുവരുന്നു. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/

| | | | |
|---|---|---|---|
| | | | ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ കർഷകർക്കും ആദിവാസി ഗോത്ര വിഭാഗക്കാർക്കും ഉപകാരപ്പെടുന്ന പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് സമയത്ത് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നു വരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്കു കണക്ഷൻ നൽകിയിട്ടുണ്ട്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.<br><br>കാർഷിക കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് കൃഷിവകുപ്പ് ആയതിനാൽ കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകിവന്നിരുന്നത്. കാർഷിക കണക്ഷനുകളിലെ മേൽ വ്യവസ്ഥകൾ ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, ഭൂവിസ്തൃതി പരിശോധിക്കുന്നത് ഒഴിവാക്കുകയും, ഉദ്ദേശം മാത്രം പരിശോധിച്ച ശേഷം വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനു, മറ്റ് എല്ലാ വൈദ്യുത കണക്ഷനുകളുടെയും കാര്യത്തിലെന്ന പോലെ, അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും, തിരിച്ചറിയൽ രേഖയും) ഹാജരാക്കി അപേക്ഷകർക്ക് LT- VA താരിഫ് (വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുള്ളവ), LT-VB താരിഫ് (കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള) കാർഷിക കണക്ഷനുകൾ നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾക്ക് മാത്രമേ ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്നു നിഷ്കർഷിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ